**POLICE DEPARTMENT**

**KERALA**


**No. G2-27387/2013/ID**

ജില്ലാ പോലീസ് ഓഫീസ്,

ഇടുക്കി

spidk.pol@kerala.gov.in

04862232354


തീയതി. 14-01-2017

**പുനർ ലേല പരസ്യം**

ഇടുക്കി ജില്ലയിലെ കരിങ്കുന്നം പോലീസ് സ്റ്റേഷൻ വളപ്പിൽ സ്ഥിതി ചെയ്യുന്ന 6 തേക്ക് മരങ്ങൾ 2017 ഫെബ്രുവരി മാസം 14 തീയതി പകൽ 11 മണിക്ക് കരിങ്കുന്നം പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ് .

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 20000/- രൂപ ( ഇരുപതിനായിരം രൂപ മാത്രം ) അടച്ച് രസീത് കൈപ്പറ്റേണ്ടതുമാണ് . കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുദ്ര വച്ച കവറിൽ ദർഘാസും സ്വീകരിക്കുന്നതാണ് . കവറിന്റെ പുറത്ത് "കരിങ്കുന്നം പോലീസ് സ്റ്റേഷൻ വളപ്പിലെ മരങ്ങളുടെ ലേലത്തിന്റെ ദർഘാസ് " എന്ന് എഴുതിയിരിക്കണം. ദർഘാസ് 2017 ഫെബ്രുവരി മാസം 12 തീയതി 5 PM വരെ ഇടുക്കി ജില്ലാ പോലീസ് ഓഫീസിലും തൊടുപുഴ പോലീസ് ഇൻസ്പെക്ടറുടെ ഓഫീസിലും സ്വീകരിക്കുന്നതാണ് . ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ , നിരതദ്രവ്യത്തിന് തുല്യമായ തുകയുടെ , ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യണം .

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലം വിളിച്ച തുക /ദർഘാസ് തുക ഇതിൽ ഏതാണോ കൂടുതൽ ആയതിന് ലേലം തൽക്കാലികമായി ഉറപ്പിക്കുന്നതുമാണ് .ലേലം കൊണ്ട ആൾ ലേല തുകയുടെ /ദർഘാസ് തുകയുടെ പകുതി സംഖ്യ ഉടൻ തന്നെ അടക്കേണ്ടതാണ് . ലേല തുകയോടൊപ്പം 14.5% വാറ്റും ലേലതുകയും വാറ്റും ചേർന്ന തുകയുടെ 5% വനവികസന നികുതിയായും അടച്ച് രസീത് കൈപ്പറ്റണം .ബാക്കി തുക ലേലം /ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിൽ വകുപ്പിന്റെ മറ്റ് വസ്തുവകകൾക്ക് കേടുപാടില്ലാതെ മരങ്ങൾ മുറിച്ച് മാറ്റി കൊണ്ടുപോകേണ്ടതാണ് .

ലേലം കൊണ്ട ആൾ മേല്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൾ കെട്ടിവച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ് .പുനർലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയത് ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ് .പുനർലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിന് ടിയാൻ അവകാശിയായിരിക്കുന്നതല്ല .

ലേലവസ്തുക്കൾ 2017 ഫെബ്രുവരി മാസം 12 തീയതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തൊടുപുഴ പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടെ രാവിലെ 11 മണിയ്ക്കും വൈകിട്ട് 5 മണിയ്ക്കും ഇടയ്ക്കുള്ള സമയത്ത് പരിശോധിക്കാവുന്നതാണ് . യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ഇടുക്കി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ് . ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമാണ് .

**ലേല വസ്തുക്കൾ**

| ക്രമ നമ്പർ | ഇനം | ബി എച്ച് വണ്ണം( മീറ്റർ ) | വ്യാപ്തം |
|---|---|---|---|
| 1 | തേക്ക് | 1.40 | 0.834 |
| 2 | തേക്ക് | 1.07 | 0.495 |
| 3 | തേക്ക് | 1.15 | 0.593 |
| 4 | തേക്ക് | 1.13 | 0.495 |
| 5 | തേക്ക് | 0.80 | 0.287 |
| 6 | തേക്ക് | 1.00 | 0.411 |

ഇൻസ്പെക്ടർ ഓഫ് പോലീസ് കരിംകുന്നം ,ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തൊടുപുഴ എന്നിവർക്ക് അറിവിലേയ്ക്കും വ്യാപക

പരസ്യം നൽകുന്നതിനും .

പകർപ്പ് - എല്ലാ  യൂണിറ്റ് മേധാവികൾക്കും -നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് .സൂപ്രണ്ട് ഓഫ് ഗവൺമെൻറ് പ്രസ്സസ്സ് ,തിരുവനന്തപുരം -ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് .ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് -4 ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് .ഇടുക്കി ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമ്മാർക്കും -നോട്ടീസ് ബോർഡിൽ പതിക്കുന്നതിന് , ഡി വൈ എസ് പി (ഭരണവിഭാഗം ), എ എ , മാനേജർ എന്നിവർക്ക് .



വേണുഗോപാൽ കെ ബി
ജില്ലാ പോലീസ് മേധാവി

G2-27387/2013/ID

e3d294